ആവശ്യങ്ങൾ നിറവേറ്റുന്നത് പുതിയ സംവിധാനമല്ല. മുൻകാലങ്ങളിലും ഇതുതന്നെയാണ് ചെയ്തുകൊണ്ടിരുന്നത്. ഇപ്പോഴും അതുതന്നെയാണ് ചെയ്യുന്നത്. പുതുതായി ഒരു മാറ്റവും വരുത്തിയിട്ടില്ല.

ശ്രീ. ഡി. സുഗതൻ: ഈ അടുത്തകാലത്ത് പുതുതായി ആരംഭിച്ച ധാരാളം സർവ്വീസുകളുണ്ട്. എന്റെ മണ്ഡലത്തിൽതന്നെ ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ള മന്ത്രിയായിരുന്നപ്പോൾ രണ്ട് പുതിയ സർവ്വീസുകൾ തുടങ്ങി. ഇപ്പോഴത്തെ മന്ത്രി വന്നതിനുശേഷം നാലോളം സർവ്വീസുകൾ തുടങ്ങി. ഇവിടെയെല്ലാം നല്ല കളക്ഷനാണ്. പക്ഷെ ധാരാളം വിദ്യാർത്ഥികൾ സഞ്ചരിക്കുന്ന ഈ മേഖലയിൽ കൺസെഷൻ കൊടുക്കുന്നില്ലെന്നുള്ള വ്യാപകമായ പരാതിയുണ്ട്. അതുകൊണ്ട് വിദ്യാർത്ഥികൾക്ക് കൺസെഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എൻ. ശക്തൻ: പുതിയ റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ കൊടുക്കുന്നതിന് നടപടി സ്വീകരിക്കാം.

റെയിൽവേ വികസന പ്രവർത്തനങ്ങൾക്കുള്ള ഭൂമി അക്വയർ ചെയ്യുന്ന നടപടി

*3 [92] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, വി. ജെ. പൗലോസ്:
,, കെ. ബാബു:
,, സി. പി. മുഹമ്മദ്:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേയുടെ നിലവിലുള്ള വിവിധ വികസന പ്രവർത്തനങ്ങൾക്കായി എത്ര ഹെക്ടർ ഭൂമി അക്വയർ ചെയ്തുകൊടുക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ബി) അതിൽ എത്ര ഹെക്ടർ ഭൂമി അക്വയർ ചെയ്ത് റെയിൽവെയെ ഏൽപ്പിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) നിലവിലുള്ള ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുത്തുകൊടുക്കണമെന്നാണ് റെയിൽവേ അവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) റെയിൽവേയുടെ നിലവിലുള്ള വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി എന്നത്തേയ്ക്ക് അക്വയർ ചെയ്ത് റെയിൽവേ അഡ്മിനിസ്ട്രേഷനെ ഏൽപ്പിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ): സർ,

(എ) കേരളത്തിലെ നിലവിലുള്ള വികസന പ്രവർത്തനങ്ങൾക്കായി 307.06 ഹെക്ടർ ഭൂമി ഏറ്റെടുത്ത് നൽകണമെന്നാണ് റെയിൽവേ ആവശ്യപ്പെട്ടിട്ടുള്ളത്;

(ബി) 154.64 ഹെക്ടർ ഭൂമി അക്വയർ ചെയ്ത് റെയിൽവേയെ ഏൽപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) താഴെപ്പറയുന്ന വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുത്ത് നൽകാനാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

1. കൊച്ചുവേളിയിലെ രണ്ടാം ടെർമിനൽ വികസനം.
2. തിരുവനന്തപുരം-നാഗർകോവിൽ രംഗത്ത് സ്ലിപ്പ് സൈറ്റുകളിൽ ട്രാക്കുകളുടെ റിസ്റ്റോറേഷൻ
3. മാവേലിക്കര-കായംകുളം പാത ഇരട്ടിപ്പിക്കൽ
4. ചേപ്പാട്-കായംകുളം പാത ഇരട്ടിപ്പിക്കൽ
5. മാവേലിക്കര-ചെങ്ങന്നൂർ പാത ഇരട്ടിപ്പിക്കൽ
6. ചേപ്പാട്-ഹരിപ്പാട് പാത ഇരട്ടിപ്പിക്കൽ
7. എറണാകുളം-മുളന്തുരുത്തി പാത ഇരട്ടിപ്പിക്കൽ
8. ഷൊർണ്ണൂർ-മാംഗ്ലൂർ പാത ഇരട്ടിപ്പിക്കൽ
9. കോട്ടയം-എരുമേലി പുതിയ പാതയുടെ നിർമ്മാണം
10. അങ്കമാലി- ശബരിമല പാതയുടെ നിർമ്മാണം

(ഡി) 22 പ്രോജക്ട് സെഗ്മെന്റേഷനുകൾക്കാണ് സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് റെയിൽവേ ആവശ്യപ്പെട്ടിട്ടുള്ളത്. അതിൽ 14 സെഗ്മെന്റുകൾക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറി കഴിഞ്ഞു. 2 സെഗ്മെന്റുകൾക്കാവശ്യമായ ഭൂമി ഉടൻ തന്നെ കൈമാറുന്നതാണ്. രണ്ട് സെഗ്മെന്റുകളുടെ പണി റെയിൽവേ ആരംഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറുന്നതാണ്. ബാക്കിയുള്ള 4 സെഗ്മെന്റുകളുടെ അലൈൻമെന്റ് റീവർക്ക് ചെയ്ത് ആവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം റെയിൽവേ അറിയിക്കേണ്ടതുണ്ട്.

<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:</u> 22 പ്രോജക്ട് സെഗ്മെന്റുകൾക്ക് റെയിൽവേ സ്ഥലം ആവശ്യപ്പെട്ടപ്പോൾ 14 സെഗ്മെന്റുകൾക്ക് മാത്രമാണ് ലഭ്യമാക്കാൻ കഴിഞ്ഞത് അതായത് 307.6 ഹെക്ടർ ആവശ്യപ്പെട്ടപ്പോൾ 154.64 ഹെക്ടറാണ് ഇതുവരെ അക്വയർ ചെയ്തു കൊടുത്തിട്ടുള്ളത്. ഈ ഭൂമി ഏറ്റെടുത്ത് റെയിൽവേയെ ഏൽപ്പിക്കുന്നതിന് പുതിയ എന്തെങ്കിലും സംവിധാനത്തെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. കെ. പി. വിശ്വനാഥൻ:</u> ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം റെയിൽവേ അക്വിസിഷൻ രംഗത്ത് ഒരു വലിയ കുതിച്ചുചാട്ടം തന്നെ ഉണ്ടായിട്ടുണ്ട്. റെയിൽവേയുടെ പരാതി തന്നെ ആവശ്യമായിട്ടുള്ള ഭൂമി അവർക്ക് ഏറ്റെടുത്ത് കൊടുക്കാൻ സാധിക്കുന്നില്ല എന്നാണ്. അതിന് വളരെ കാലതാമസം നേരിടുന്നു. അതുകൊണ്ട് റെയിൽവേയുടെ വികസനം ത്വരിതപ്പെടുത്താൻ റെയിൽവേയ്ക്ക് സാധിക്കുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം പാത ഇരട്ടിപ്പിക്കലാണ് ഏറ്റവും ആവശ്യമായിട്ടുള്ള ഘടകം. പുതിയ ട്രെയിൻ ലഭിക്കുന്നതിനേക്കാൾ നമുക്ക് ആവശ്യമായിട്ടുള്ളത് പാത ഇരട്ടിപ്പിച്ചുകൊടുക്കാൻ സാധിക്കുക എന്നുള്ളതാണ്. ധാരാളം ട്രെയിനുകൾ നമ്മുടെ പാതകളിൽക്കൂടി ഓടുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ തന്നെ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി കേരളത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുമൊക്കെ റെയിൽവേ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ അതിന് പ്രത്യേകമായി ഒരു സംവിധാനം ഉണ്ടാക്കുകയും ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് തയ്യാറാക്കി ഏറ്റവും സുതാര്യവും വളരെ വേഗത്തിലും അതുപോലെ ഭൂമി കൊടുക്കുന്ന ആളുകൾക്ക് ഏറ്റവും വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിന് ആവശ്യമായിട്ടുള്ള ഒരു പദ്ധതിക്കും രൂപം കൊടുത്തിട്ടുണ്ട്. അതിന് പ്രത്യേകമായി ശ്രീ. ഗ്യാനേഷ് കുമാർ ഐ. എ. എസ്.-ന്റെ നേതൃത്വത്തിൽ ഒരു തീരുമാനം എടുത്തിട്ടുണ്ട്. അതുകൊണ്ട് വളരെ വേഗത്തിൽതന്നെ ആവശ്യമായിട്ടുള്ള ഭൂമി കൊടുക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: മലയാളികളാണ് കേരളത്തിൽനിന്നും മറ്റു പല സ്ഥലങ്ങളിലേക്കും കൂടുതൽ സഞ്ചരിക്കുന്നത്. അതുപോലെ കേരളത്തിൽനിന്നും പോകാൻ ട്രെയിനുകളും നമുക്ക് ഇനിയും ആവശ്യമാണ്. ഇതൊക്കെ നടപ്പാക്കുന്നതിന് നമുക്ക് ഒരു റെയിൽവേ സോൺ അടിയന്തിരമായി ആവശ്യമാണ്. റെയിൽവേ സോൺ കിട്ടുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. പി. വിശ്വനാഥൻ: കേരളത്തിൽനിന്നും പോകുന്നത് സാധാരണ മലയാളികളാണ്. അത് പ്രശ്നമല്ല. പക്ഷെ നമ്മുടെ മെമ്മോറാണ്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രി വന്നപ്പോൾ തന്നെ നമ്മൾ ആവശ്യപ്പെട്ട ആദ്യത്തെ ഡിമാന്റ് റെയിൽവേ സോൺ തന്നെയാണ്. അദ്ദേഹം സോണിനെപ്പറ്റി നമുക്ക് അനുകൂലമായിട്ടല്ല അന്ന് പ്രതികരിച്ചത്. ഒരു പ്രത്യേക സോൺ കേരളത്തിന് അനുവദിക്കണമെന്ന് തന്നെയാണ് ആഗ്രഹിക്കുന്നത്. നമ്മുടെ റെയിൽവേ ബഡ്ജറ്റിലേക്ക് കൊടുക്കാനുള്ള നിർദ്ദേശങ്ങൾ ഏറ്റവും മുന്തിയ പരിഗണന കൊടുത്ത് അത് എഴുതി ചേർത്തിട്ടുമുണ്ട്. പക്ഷെ അന്ന് ഉദ്യോഗസ്ഥൻമാർ പറഞ്ഞത് നമുക്ക് എതിരായിട്ടുള്ള ഘടകം, ഇപ്പോൾ സോൺ വിഭജിക്കുകയാണെങ്കിൽ വാസ്തവത്തിൽ ഒരു മൂന്ന് ഡിവിഷനെങ്കിലും ഉള്ള ഒരു സോൺ ആണ് പുതിയതായിട്ട് രൂപീകരിക്കാൻ സാധിക്കുക എന്നാണ്. നമുക്കാണെങ്കിൽ ഇപ്പോൾ തിരുവനന്തപുരവും ഒലവക്കോടും ഡിവിഷൻ മാത്രമായിട്ട് വരും. അത് മാത്രമായി ചെയ്യാനുള്ള കപ്പാസിറ്റി ഇല്ല. അതേ സമയത്ത് ആന്ധ്രയിലേയും കേരളത്തിലേയും ഡിവിഷനുകളെക്കൂടി ചേർത്താണ് മദ്രാസ് ആസ്ഥാനമാക്കിയുള്ള സോൺ പ്രവർത്തിക്കുന്നത്. അപ്പോൾ അതിന്റെ കപ്പാസിറ്റിയും കുറയും. അതുകൊണ്ട് കുറച്ച് ബുദ്ധിമുട്ടുണ്ട് എന്നാണ് പറയുന്നത്. എന്നാലും നിരാശപ്പെടേണ്ട കാര്യമില്ല. എം. പി.-മാരും സംസ്ഥാന ഗവൺമെന്റും ഒരുമിച്ച് അത് വേണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെടുന്നുണ്ട്. അത് ലഭിക്കും എന്നാണ് എന്റെ പ്രതീക്ഷ.

ശ്രീ. വി. ജെ. പൗലോസ്: കേരളത്തിലെ റെയിൽവേ വളരെയധികം അവഗണിക്കുന്നു എന്ന് എപ്പോഴും ആക്ഷേപം ഉന്നയിക്കാറുണ്ട്. എന്നാൽ കേരളത്തിൽ പുതിയ റെയിൽവേ ലൈനുകൾ അനുവദിക്കുന്ന കാര്യത്തിലും പാത ഇരട്ടിപ്പിക്കുന്ന കാര്യത്തിലും അതേപോലെ വൈദ്യുതീകരിക്കുന്ന കാര്യത്തിലുമൊക്കെ ചില നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു. അതിന്റെ സ്ഥലമെടുപ്പ് ആദിയായ കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് കേരളത്തെ ഏൽപ്പിച്ചിട്ടുണ്ട്. ആ പദ്ധതികൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നു എന്നുള്ളത് എല്ലാവർക്കും അറിയാവുന്ന സത്യമാണ്. നമുക്ക് ഇപ്പോൾതന്നെ നിരവധി റെയിൽവേ ലൈനുകളുടെ വികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ റെയിൽവേ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. അതിനുള്ള സ്ഥലമെടുത്ത് കൊടുക്കുന്ന കാര്യത്തിൽ ഇതുവരെ നമുക്ക് പകുതി സ്ഥലം പോലും ഏറ്റെടുത്ത് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥലമെടുപ്പ് സംബന്ധിച്ച് നിലവിലുള്ള നിയമം കൊണ്ടുണ്ടാകുന്ന കാലതാമസം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതിന് കാരണങ്ങളാണ്. എന്തായാലും പുതിയ ലൈനുകൾ അനുവദിച്ചിട്ടുള്ളത് പ്രാവർത്തികമാക്കുന്നതിനും പാത ഇരട്ടിപ്പിക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടികൾ ഒച്ച് ഇഴയുന്ന വേഗത്തിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നത് നമുക്ക് നിഷേധിക്കാൻ കഴിയാത്ത ഒരു സത്യമാണ്. അതിന് പരിഹാരം ഉണ്ടാക്കുന്നതിന് എന്ത് സത്വര നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. പി. വിശ്വനാഥൻ: കാലാകാലങ്ങളിൽ മാറിമാറി വരുന്ന ഏത് ഗവൺമെന്റായാലും നമ്മുടെ പ്രശ്നങ്ങളോട് പുറംതിരിഞ്ഞ് നിൽക്കുന്ന ഒരു സമീപനമാണ് എടുത്തിട്ടുള്ളത്. അത് ഒരു സത്യം മാത്രമാണ്. പാത ഇരട്ടിപ്പിക്കുന്ന കാര്യത്തിലാണെങ്കിലും അതുപോലെ ഇലക്ട്രിഫിക്കേഷന്റെ ആവശ്യത്തിനാണെങ്കിലും നമ്മുടേയും കുറച്ച് കുറ്റം ഉണ്ട് എന്നാണ് അവർ ആരോപിക്കുന്നത്. പാത ഇരട്ടിപ്പിച്ചില്ലെങ്കിൽ സമയത്തിന് വണ്ടി ഓടാൻ പറ്റില്ല. വളരെ ന്യായമായിട്ടുള്ള ആവശ്യങ്ങൾ പോലും നമുക്ക് അനുവദിച്ച് തരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രത്യേകിച്ചും ഈ വസ്തുത നമ്മൾ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. 16 കോടി രൂപ അഡ്വാൻസായി അക്വിസിഷനുവേണ്ടി നമ്മളെ ഏൽപ്പിച്ചിട്ടുണ്ട് എന്നാണ് കോൺഫറൻസിൽ നിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഈ അവസരത്തിൽ എന്താണ് പ്രതിവിധി എന്ന് അറിഞ്ഞ് മനസ്സിലാക്കാൻ വേണ്ടിയാണ് രണ്ടാമതും ഉദ്യോഗസ്ഥ ലെവലിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോൺഫറൻസ് വിളിച്ചുകൂട്ടി അതിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ എടുത്തത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ശ്രീ. ഗ്യാനേഷ്കുമാറിനെ ചീഫ് പ്രോജക്ട് ഓഫീസറായിട്ടും അഡീഷണൽ സെക്രട്ടറിയെ അസിസ്റ്റന്റ് ആയിട്ടും നിയമിച്ച് കേരളത്തിലെ പാത ഏറ്റവും വേഗത്തിൽ ഇരട്ടിപ്പിക്കാൻ ആവശ്യമായ ഭൂമി മുഴുവൻ സമയബന്ധിതമായി അവർക്ക് അക്വയർ ചെയ്തുകൊടുക്കും എന്നാണ് തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് എന്ന സംവിധാനം മറ്റുതരത്തിലുള്ള നൂലാമാലകളും സാങ്കേതിക തടസ്സങ്ങളുമൊക്കെ നീക്കി വളരെ സുതാര്യമാക്കി ഭൂമി അക്വയർ ചെയ്യുന്ന ഉടമസ്ഥന് അതിന്റെ വില വേഗത്തിൽ കിട്ടത്തക്ക വിധത്തിൽ നെഗോഷിയേഷൻ അടക്കമുള്ള രീതികൾ അവലംബിച്ചുകൊണ്ട് അത് നടത്തിക്കൊടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് സമയബന്ധിതമായിത്തന്നെ വളരെ വേഗത്തിൽ ഭൂമി കൈമാറാൻ സാധിക്കും എന്ന് അറിയിക്കാൻ ആഗ്രഹിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly